# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2426 13/02/2013 ലെ മറുപടിയ്ക്ക്

**നികുതി വകുപ്പിൽ ഇ - പെയ്മെന്റ് സംവിധാനം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. സി. പി. മുഹമ്മദ്**<br>**ശ്രീ. എ.റ്റി. ജോർജ്ജ്**<br>**ശ്രീ. ഹൈബി ഈഡൻ**<br>**ശ്രീ. വി. പി. സജീന്ദ്രൻ** | **ശ്രീ. കെ. എം. മാണി**<br>**(ബഹു. ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) നികുതി വകുപ്പിൽ ഇ - പെയ്മെന്റ് സംവിധാനം നിലവിൽ വന്നിട്ടുണ്ടോ; വിശദമാക്കുമോ; | എ) ഉണ്ട്. സെപ്തംബർ 2009 മുതൽ ഇ - പെയ്മെന്റ് സൗകര്യം കേരളത്തിലെ എല്ലാ രജിസ്റ്റേർഡ് വ്യാപാരികൾക്കും ലഭ്യമാണ്. |
| ബി) പ്രസ്തുത സൗകര്യം വഴി ജനങ്ങൾക്ക് ലഭിക്കുന്ന പ്രയോജനങ്ങൾ വിശദമാക്കുമോ; | ബി) പൊതുജനങ്ങൾ നൽകുന്ന നികുതി സർക്കാരിലേക്ക് അടയ്ക്കുന്നത് വ്യാപാരികളാണ്. വ്യാപാരികൾക്ക് ഓഫീസിൽ വരാതെതന്നെ ഓൺ ലൈൻ വഴി റിട്ടേൺ ഫയൽ ചെയ്യുന്നതിനും നികുതി അടയ്ക്കുന്നതിനും സൗകര്യമുണ്ട്. |
| സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നത്; | സി) വാണിജ്യ നികുതിവകുപ്പിന്റെ വെബ്സൈറ്റ്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ എന്നീ ബാങ്കുകളുടെ വെബ്സൈറ്റുമായി സംയോജിപ്പിച്ചാണ് ഇ - പെയ്മെന്റ് സംവിധാനം നടപ്പിലാക്കിയിട്ടുള്ളത്. |

ഡി) നികുതി വകുപ്പിലെ എല്ലാ ഓഫീസുകളിലും പ്രസ്തുത സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ;

ഡി) വാണിജ്യ നികുതി വകുപ്പിന്റെ രജിസ്ട്രേഷൻ ഉള്ള എല്ലാ വ്യാപാരികൾക്കും ഓഫീസിൽ വരാതെതന്നെ ഓൺലൈൻ വഴി റിട്ടേണും നികുതിയും നല്കാവുന്നതും ഇപ്രകാരമുള്ള റിട്ടേൺ പരിശോധിക്കുന്നതിന് എല്ലാ ഓഫീസുകളിലും കമ്പ്യൂട്ടർ സംവിധാനവും നിലവിലുണ്ട്.

സെക്ഷൻ ഓഫീസർ